ചെയ്യേണ്ടതും, ഉടൻ തന്നെ ഡോക്ടറെ കണ്ട് പ്രതിരോധകുത്തിവെയ്പ്പ് എടുക്കേണ്ടതുമാണ്.

- കുത്തിവെപ്പ് എടുക്കുമ്പോൾ ലഭിക്കുന്ന രേഖകളോ വാക്സിനേഷൻ കാർഡോ സൂക്ഷിച്ചു വെക്കേണ്ടതാണെന്നുള്ള വിവരം ഓർമ്മപ്പെടുത്തുക. പേവിഷബാധയുടെ ഗുരുതര സ്വഭാവം കുഞ്ഞുങ്ങളെ പറഞ്ഞു മനസ്സിലാക്കണം.

## സ്കൂൾ അധികാരികൾ സ്വീകരിക്കേണ്ട നടപടികൾ

പേവിഷബാധയുമായി ബന്ധപെട്ടു വിദ്യാർത്ഥികളുടെ സുരക്ഷയ്ക്കും ബോധവൽക്കരണത്തിനും ഇനി പറയുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ്.

- സ്കൂൾ കോമ്പൗണ്ടിൽ തെരുവുനായകൾ പെരുകാനും അവ തങ്ങുന്നത്  തടയുന്നതിനായി സ്കൂളും പരിസരവും ശുചീകരിക്കുകയും ഭക്ഷണാവശിഷ്ടങ്ങൾ വലിച്ചെറിയാതെ ശാസ്ത്രീയമായി സംസ്ക്കരിക്കുകയും ചെയ്യുക.
- രോഗം പടർത്തുന്ന മൃഗങ്ങൾ, രോഗം പകരുന്ന രീതി എന്നിവ സംബന്ധിച്ച് വിദ്യാർത്ഥികളിൽ അവബോധം വളർത്തുക.
- മൃഗങ്ങളുടെ കടി, മാന്തൽ, പോറൽ എന്നിവയിലൂടെ ശരീരത്തിൽ മുറിവ് സംഭവിച്ചാൽ രക്ഷിതാക്കളെയോ അദ്ധ്യപകരെയോ ഉടനടി വിവരം അറിയിക്കാൻ കുട്ടികളെ പ്രാപ്തരാക്കുക. തെരുവിലെ നായ പുറകെ വന്ന് തൊടുകയോ, നായ പുറകെ വരികയും കുട്ടി ഓടി വീഴുകയും ചെയ്യുക, നായ ദേഹത്ത് മുട്ടി ചാടി പോകുക തുടങ്ങി അലഞ്ഞു നടക്കുന്ന മൃഗങ്ങളുമായി ചെറിയ സമ്പർക്കം ഉണ്ടായാൽ പോലും  മറച്ചുവയ്ക്കാതെ രക്ഷകർത്താക്കളോട് ആ വിവരം പറയണം എന്ന് കുഞ്ഞുങ്ങളെ വ്യക്തമായി ധരിപ്പിക്കുകയും ചെയ്യുക. ഇത്തരം കാര്യങ്ങൾ ഭയമില്ലാതെ രക്ഷകർത്താക്കളോട് പറയാനുള്ള ആത്മവിശ്വാസം കുഞ്ഞുങ്ങളിൽ ഉണ്ടാക്കുന്ന രീതിയിൽ ഇടപെടേണ്ടതാണ്. സ്കൂളിലേക്ക് വരുന്ന വഴിയിലാണ് ഇത്തരം സാഹചര്യങ്ങൾ ഉണ്ടാകുന്നതെങ്കിൽ അധ്യാപകരോട് തീർച്ചയായും പറയണമെന്ന് കുഞ്ഞുങ്ങളെ ബോധ്യപ്പെടുത്തുക. അങ്ങനെയെങ്കിൽ സ്കൂളിൽ വച്ച് തന്നെ പ്രഥമ ശുശ്രൂഷ നൽകുകയും ആശുപത്രിയിൽ എത്തിച്ച് വാക്സിൻ നൽകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്. സമയം വളരെ പ്രധാനമാണ്.
- സ്കൂളിൽ സൂക്ഷിച്ചിരിക്കുന്ന പ്രഥമശുശ്രൂഷ കിറ്റിൽ കൈയുറ നിർബന്ധമായും കരുതിയിരിക്കണം.
- രോഗലക്ഷണങ്ങൾ മനുഷ്യരിൽ പ്രകടമായി കഴിഞ്ഞാൽ മരണം ഉറപ്പായതിനാൽ രോഗത്തിന്റെ ഗുരുതര സ്വഭാവത്തെക്കുറിച്ച് വീട്ടിലുള്ളവരും അധ്യാപകരും സ്വയം ബോധ്യപ്പെടുകയും കുഞ്ഞുങ്ങൾക്ക് ഇടക്കിടക്ക് പറഞ്ഞുകൊടുക്കുകയും ചെയ്യേണ്ടതാണ്.

### പ്രതിരോധം പ്രധാനമാണ്

വീട്ടിൽ വളർത്തുന്ന അരുമ മൃഗങ്ങളിൽ നിന്നായാലും നായ, പൂച്ച എന്നിവയുടെ കുഞ്ഞുങ്ങളിൽ നിന്നായാലും കടി, മാന്തൽ എന്നിവയുണ്ടായാൽ (ചെറിയ പോറലായാൽ കൂടി) പ്രഥമശുശ്രൂഷ ഉടനടി ചെയ്യുകയും പ്രതിരോധ കുത്തിവെപ്പുകൾ കൃത്യസമയത്ത് മുഴുവൻ ഡോസുകളും എടുക്കുകയും ചെയ്യേണ്ടതാണ്.



ആരോഗ്യ കുടുംബക്ഷേമ വകുപ്പ്
കേരള സർക്കാർ

# പേവിഷബാധ (റാബീസ്)

പേവിഷബാധ  അഥവാ റാബിസ് ഒരു പ്രധാന ആരോഗ്യ വെല്ലുവിളിയായി മാറിയിരിക്കുന്നു. നായകളിൽ നിന്നോ, മറ്റുമൃഗങ്ങളിൽനിന്നോ മനുഷ്യരിലേക്ക് പകരുന്ന ഒരു ജന്തുജന്യരോഗമാണ് ഇത്. പേവിഷബാധ നാഡീവ്യൂഹത്തെയും അതുവഴി തലച്ചോറിനെയും ബാധിച്ചുകഴിഞ്ഞാൽ പിന്നെ ജീവൻ രക്ഷിക്കാൻ സാധിക്കില്ല. അതിനാൽ രോഗാണു നാഡീവ്യൂഹത്തിലെത്തുന്നതിന് മുൻപ് വേണ്ട പ്രഥമശുശ്രൂഷ, വാക്സിനേഷൻ എന്നിവ കൃത്യമായി സ്വീകരിക്കുന്നത് അതിപ്രധാനമാണ്.

## രോഗം പകരുന്നവിധം

നായ്ക്കളാണ് പ്രധാന രോഗവാഹകർ. പൂച്ച, കുറുക്കൻ, കീരി, മറ്റു വന്യമൃഗങ്ങൾ തുടങ്ങിയവയും രോഗവാഹകരിൽ പെടുന്നു. രോഗം ബാധിച്ച മൃഗങ്ങളുടെ ഉമിനീരിൽ കാണുന്ന പേവിഷ വൈറസുകൾ മൃഗങ്ങളുടെ കടി, മാന്തൽ, പോറൽ എന്നിവയിലൂടെ ശരീരത്തിലെത്തി സുഷുമ്ന നാഡിയേയും തലച്ചോറിനെയും ബാധിക്കുന്നു. ഇങ്ങനെയാണ് രോഗം മനുഷ്യനിലേക്ക് പടരുന്നത്. കുട്ടികൾക്ക് നായ, പൂച്ച, എന്നിവയുടെ കടി, പോറൽ, മാന്തൽ, ഉമിനീരുമായി സമ്പർക്കം എന്നിവയുണ്ടാകുമ്പോൾ പ്രഥമശുശ്രൂഷയും പ്രതിരോധകുത്തിവയ്പുകളും യഥാസമയം ലഭിക്കാത്തത് പലപ്പോഴും മരണകാരണമാകുന്നു. പട്ടികളാണ് മനുഷ്യരിൽ പേവിഷബാധയ്ക്ക് കൂടുതൽ കാരണമാകുന്നത്.

## പ്രഥമശുശ്രൂഷ-
### ഉടനടി വേണം.. ഉപേക്ഷ പാടില്ല..

പേവിഷബാധ അതീവമാരകമായ രോഗമായതിനാൽ രോഗപ്രതിരോധത്തെക്കുറിച്ചും, കടിയേറ്റാൽ ഉടൻ സ്വീകരിക്കേണ്ട പ്രഥമശുശ്രൂഷയെക്കുറിച്ചും റാബീസ് വാക്സിനേഷനെക്കുറിച്ചുമുള്ള അറിവ് രോഗപ്രതിരോധത്തിൽ പ്രധാന്യമർഹിക്കുന്നു.

- നായ, പൂച്ച തുടങ്ങിയ മൃഗങ്ങൾ (വളർത്തു മൃഗങ്ങൾ ആണെങ്കിലും) കടിക്കുകയോ മാന്തുകയോ ചെയ്താൽ എത്രയും പെട്ടെന്ന് സോപ്പും വെള്ളവും ഉപയോഗിച്ച് 15 മിനിറ്റ് സമയം നന്നായി കഴുകണം.
- കടിയേറ്റഭാഗം 15 മിനിട്ട് ഒഴുകുന്ന വെള്ളത്തിൽ സോപ്പ് പതപ്പിച്ച് നന്നായി കഴുകുക. പൈപ്പിൽ നിന്ന് വെള്ളം നേരിട്ട് തുറന്ന്വിട്ട് കഴുകുന്നതാണ് ഉത്തമം. മുറിവ് വൃത്തിയാക്കുന്ന വ്യക്തി നിർബന്ധമായും കൈയുറ ധരിച്ചിരിക്കണം. ഇങ്ങനെ സോപ്പുപയോഗിച്ച് കഴുകിയാൽ ഭൂരിഭാഗം അണുക്കളും ഇല്ലാതാകുന്നു. ഞരമ്പിലേക്ക് കടക്കുന്നതിനുമുൻപ് കഴിയുന്നത്ര വേഗം അണുക്കളെ നശിപ്പിക്കുക എന്നതാണ് പ്രഥമശുശ്രൂഷകൊണ്ട് ഉദ്ദേശിക്കുന്നത്.
- കടിയേറ്റഭാഗത്ത് ഉപ്പ്, മഞ്ഞൾപോലെയുള്ള മറ്റുപദാർത്ഥങ്ങൾ ഒരു കാരണവശാലും പുരട്ടരുത്.
- കഴുകി വൃത്തിയാക്കിയ ശേഷം ബീറ്റാഡിൻ, അയഡിൻ ലായിനി എന്നിങ്ങനെയുള്ള ഏതെങ്കിലും അണുനാശിനികൾ ലഭ്യമാണെങ്കിൽ അതുപയോഗിച്ചും മുറിവ് വൃത്തിയാക്കാം.
- മുറിവ് അമർത്തുകയോ ഉരച്ചു കഴുകുകയോ കെട്ടിവയ്ക്കുകയോ ചെയ്യരുത്.
- വീടുകളിൽ വളർത്തുമൃഗങ്ങളുണ്ടെങ്കിൽ അവയിൽനിന്നുള്ള സംരക്ഷണവും പരമപ്രധാനമാണ്.

## വാക്സിനേഷൻ

- പേവിഷബാധക്ക് ഫലപ്രദമായ ചികിത്സ ഇല്ലാത്തതിനാൽ കടിയോ മാന്തലോ, പോറലോ, ഉമിനീരുമായി സമ്പർക്കമോ ഏറ്റാൽ കുത്തിവെപ്പ് എടുക്കേണ്ടത് അനിവാര്യമാണ്.
- പേവിഷബാധയ്ക്കെതിരെ തൊലിപ്പുറത്ത് എടുക്കുന്ന കുത്തിവെപ്പ് (IDRV) ആണ് പ്രധാനമായും നൽകുന്നത്.
- പ്രഥമശുശ്രൂഷക്ക് ശേഷം എത്രയുംവേഗം ആശുപത്രിയിൽ എത്തി ഡോക്ടറുടെ നിർദ്ദേശപ്രകാരം വാക്സിൻ എടുക്കണം. നിർദ്ദേശിക്കുന്ന ദിവസത്തിൽ തന്നെ വാക്സിൻ എടുക്കുകയും മുഴുവൻ ഡോസുകളും പൂർത്തിയാക്കുകയും ചെയ്യേണ്ടതാണ്. പൊക്കിളിനു ചുറ്റും കുത്തിവെപ്പ് ഒരുമിച്ച് എടുക്കുന്ന പഴയ രീതി ഇപ്പോഴില്ല.
- കടിയേറ്റ ദിവസത്തിനു പുറമെ 3, 7, 28 ദിവസങ്ങളിൽ ആണ് ഈ കുത്തിവെപ്പ് ആവർത്തിക്കേണ്ടത്. ആദ്യ മൂന്ന് ഡോസുകൾ സമ്പർക്കം ഉണ്ടായി പരമാവധി പത്ത് ദിവസത്തിനുള്ളിൽ തന്നെ എടുത്താൽ മാത്രമേ പൂർണ്ണ പ്രതിരോധശേഷി കൈവരികയുള്ളു.
- തൊലിപ്പുറത്ത് എടുക്കുന്ന കുത്തിവെപ്പ് എല്ലാ സർക്കാർ സാമൂഹികരോഗ്യ കേന്ദ്രങ്ങളിലും, താലൂക്ക്, ജനറൽ, ജില്ലാ ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും സൗജന്യമായി ലഭ്യമാണ്.
- മുറിവിന്റെ ആഴം, സ്ഥാനം എന്നിവയ്ക്കനുസരിച്ച് ആവശ്യമെങ്കിൽ ഇമ്മ്യൂണോഗ്ലോബുലിൻ കുത്തിവെപ്പ് നിർദ്ദേശിച്ചാൽ അതു എടുക്കേണ്ടതാണ്. രക്തം പൊടിഞ്ഞ മുറിവുകൾ, മുറിവുള്ള തൊലിപ്പുറത്തെ നക്കൽ, ചുണ്ടിലോ വായിലോ നക്കൽ, വന്യമൃഗങ്ങളുടെ കടി എന്നിവയ്ക്കാണ് തൊലിപ്പുറത്ത് എടുക്കുന്ന കുത്തിവെപ്പ് (ഐഡി ആർ വി) കൂടാതെ ആന്റി റാബിസ് ഇമ്മ്യൂണോ ഗ്ലോബുലിനും കൂടി (ആർ ഐജി) കൂടി നിർദ്ദേശിക്കുന്നത്. കടിയേറ്റ് എത്രയും വേഗം ഇമ്യൂണോഗ്ലോബുലിൻ എടുക്കണം. ഇത് എല്ലാ ജില്ലയിലും പ്രധാനപ്പെട്ട സർക്കാർ ആശുപത്രികളിൽ ലഭ്യമാണ്.
- മൃഗങ്ങളെ തൊടുക, ഭക്ഷണം കൊടുക്കുക, മുറിവുകൾ ഇല്ലാത്ത തൊലിപ്പുറത്ത് നക്കുക. എന്നിവക്ക് കുത്തിവെപ്പ് നൽകേണ്ടതില്ല പ്രഥമശുശ്രൂഷ മതിയാകും.
- വളർത്തു മൃഗങ്ങൾക്ക് പ്രതിരോധ കുത്തിവെപ്പ് എടുക്കുന്നത് രോഗ പ്രതിരോധത്തിൽ പ്രധാനമാണ്. പട്ടി, പൂച്ച തുടങ്ങിയ വളർത്തുമൃഗങ്ങൾക്ക് മൃഗാശുപത്രിയുമായി ബന്ധപ്പെട്ട് കൃത്യമായ പ്രതിരോധ കുത്തിവയ്പ്പുകൾ എടുക്കേണ്ടതാണെന്ന് രക്ഷിതാക്കൾക്ക് വിവരം നൽകുക.

## പ്രത്യേക ശ്രദ്ധക്ക്

- നായകളോ മറ്റേതെങ്കിലും മൃഗങ്ങളോ കടിച്ചാലും മുറിവ് സാരമുള്ളതല്ലെങ്കിൽ കൂടി നിസാരമായി കാണരുത്.
- നായ്ക്കൾ മനുഷ്യരുമായി വളരെ ഇണങ്ങി ജീവിക്കുമെങ്കിലും, അവയെ ഭയപ്പെടുത്തുകയോ, പ്രകോപിപ്പിക്കുകയോ ചെയ്താൽ കടിക്കാൻ സാധ്യത കൂടുതലാണ്. പ്രത്യേകിച്ച് മൃഗങ്ങൾ ഭക്ഷണം കഴിക്കുക, കൂടിനുള്ളിൽ അടയ്ക്കപ്പെടുക, ഉറങ്ങുക, രോഗാവസ്ഥയിലാവുക, കുഞ്ഞുങ്ങളുടെ സംരക്ഷണത്തിൽ ഏർപ്പെട്ടിരിക്കുക എന്നീ സന്ദർഭങ്ങളിൽ ശല്യപ്പെടുത്തുന്നത് അക്രമണ സ്വഭാവം കൂട്ടാനിടയാകും. ഇത്തരം സന്ദർഭങ്ങളിൽ മൃഗങ്ങളിൽ നിന്നും സുരക്ഷിതമായ അകലം പാലിക്കേണ്ടതാണെന്ന് നിർദ്ദേശം കുട്ടികൾക്ക് നൽകുക.
- മൃഗങ്ങൾക്ക് കുത്തിവെയ്പ്പ് എടുത്തിട്ടുണ്ടെങ്കിലും അവയിൽനിന്നും കടിയോ മാന്തലോ ഏറ്റാൽ പ്രതിരോധ കുത്തിവയ്പ്പ് എടുക്കണം. ഇവയുമായി അടുത്തിടപഴകുന്ന സമയത്ത് ശ്രദ്ധ വേണ്ടതാണ്. ചേർത്തുപിടിച്ച് താലോലിക്കുമ്പോൾ മൃഗങ്ങളുടെ ഉമിനീര് കണ്ണിലോ ചുണ്ടുകളിലോ പറ്റിയാലോ മുറിവുകളിൽ നക്കിയാലോ രോഗബാധയുള്ള മൃഗത്തിൽ നിന്നും പേ വിഷബാധ ഉണ്ടാകാൻ സാധ്യതയുണ്ട്. വളർത്തു മൃഗങ്ങൾ തെരുവ് മൃഗങ്ങളുമായി ഇടപഴകുന്നത് ഒഴിവാക്കണം. വളർത്തുമൃഗങ്ങളിൽ ഉണ്ടാകുന്ന പെരുമാറ്റം ശ്രദ്ധിക്കണം.
- തെരുവിൽ നിന്നുള്ള പട്ടി, പൂച്ച എന്നിവയെ വീട്ടിലേക്ക് എടുത്ത് വളർത്തുന്നതിന് മുൻപ് അവയ്ക്ക് പ്രതിരോധ കുത്തിവെപ്പ് നൽകുക.
- തെരുവുനായ്ക്കളിൽ നിന്നു മാത്രമല്ല വളർത്തുമൃഗങ്ങളിൽ നിന്നും പേവിഷബാധയുണ്ടാകാമെന്നും ഒരു മാസം പ്രായമായ നായക്കുട്ടികളിൽ നിന്നും വരെ പേവിഷബാധ ഉണ്ടായി മരണം സംഭവിക്കും എന്ന അറിവ് കുട്ടികൾക്ക് നൽകുക.
- പൂച്ചകളിൽ നിന്നും മറ്റ് മൃഗങ്ങളിൽ നിന്നും കുട്ടികൾക്ക് കടിയോ മാന്തലോ ഏൽക്കാറുണ്ട്. ഇത് രോഗബാധയുണ്ടാക്കാൻ സാധ്യതയുള്ളതിനാൽ അതീവ ശ്രദ്ധ പുലർത്തണമെന്ന് കുട്ടികൾക്ക് അറിവ് നൽകുക.
- മൃഗങ്ങളെ പരിപാലിച്ചശേഷം കൈകൾ സോപ്പ് ഉപയോഗിച്ച് വൃത്തിയായി കഴുകേണ്ടതും, മാന്തലോ , പോറലോ, മുറിവോ ഉണ്ടായാൽ ഉടൻ പ്രഥമ ശുശ്രൂഷ